
# ഇടുങ്ങിയ വാതിൽ

(ലൂക്ക 13:22-30)

## വ്യാഖ്യാനം



'ഇടുങ്ങിയ വാതിലിലൂടെ' പ്രവേശിക്കാൻ 'പരിശ്രമിക്കുക' എന്നതിന്റെ ഭാഷ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് നല്കുന്ന നിർദ്ദേശങ്ങൾ പോലെയുണ്ട് - അതായത് കഠിനാദ്ധ്വാനം ചെയ്യുന്നവർക്കു മാത്രമെ വിജയിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിന് സമാനം. ഇവിടെ പരിശ്രമം ആവശ്യപ്പെടുന്നതിന്റെ കാരണം 'വാതിൽ ഇടുങ്ങിയതാണ്' എന്നതാണ്.

**ഇടുങ്ങിയ വാതിൽ**: എളിമയെയും എളിയവരോടുള്ള പരിഗണയും വ്യാഖ്യാനിക്കാൻ ഇത് ഉപയോഗിക്കാം. കാരണം സിനഗോഗുകളിൽ രണ്ടു തരത്തിലുള്ള വാതിലുകൾ ഉണ്ടായിരുന്നു. വിശാലമായവയും ഇടുങ്ങിയതും. സാധാരണയായി പ്രമുഖർക്കു പ്രവേശിക്കുവാനായിരുന്നു വിശാലമായ വാതിലുകൾ. സമൂഹത്തിലെ പ്രമുഖരല്ലാത്തവരും തിരസ്കൃതരുമായവർക്കു വേണ്ടിയായിരുന്നു ഇടുങ്ങിയ വാതിലുകൾ.

**അടഞ്ഞ വാതിൽ**: ഈ ഉപമാനം നിത്യവിധിയെയാണ് ഓർമ്മിപ്പിക്കുന്നത്. വിരുന്നിന്റെ പശ്ചാത്തലത്തിലാണ് ഇത് അവതരിപ്പിക്കുക. വാതിൽ അടയ്ക്കുംമുമ്പേ മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ അർത്ഥമാക്കുക.

അകത്തു പ്രവേശിക്കുവാനുള്ള മാനദണ്ഡം ദൈവത്തിന്റെ കൃപയും നമ്മുടെ പരിശ്രമവുമാണ്. ലൂക്കായുടെ സുവിശേഷത്തിലെ

Scanned by CamScanner

വലിയ പ്രതീകമാണ് വിരുന്ന്. യേശു സാന്നിദ്ധ്യത്തിലുള്ള വിരുന്നുകളെയും ഇവിടെ അയോഗ്യതയായി പരിഗണിക്കുന്നുണ്ട്. ഒരുപക്ഷേ, ഇത് ക്രിസ്തീയ സമൂഹങ്ങളിൽ നിലനിന്നിരുന്ന കൂട്ടായ്മകളോടുള്ള വിമർശനമാകാം. കാരണം വിരുന്നുകളിൽ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. വിശ്വാസികളുടെ സമൂഹങ്ങളിൽപോലും തങ്ങളുടെ തരക്കാരോടും, സുഹൃത്തുക്കളോടും മാത്രം വിരുന്നിനായി ഒന്നിച്ചുകൂടുന്ന പ്രവണത നിലനിന്നിരുന്നു. ക്രിസ്തുവിന്റെ പേരിലാണെങ്കിൽ പോലും ഇത്തരം കൂട്ടായ്മകൾ സ്വർഗ്ഗപ്രാപ്തിക്ക് യോഗ്യമല്ലെന്ന് വചനം വ്യക്തമാക്കുന്നു.

**ദൈവരാജ്യത്തിന്റെ സാർവ്വത്രികത**: "കിഴക്കുനിന്നും തെക്കുനിന്നും ജനങ്ങൾ വന്ന് ദൈവരാജ്യത്തിൽ വിരുന്നിനിരിക്കും" (v. 29). ഇത് ദൈവരാജ്യത്തിന്റെ സാർവ്വത്രികതയെയും തുറവിയെയും സൂചിപ്പിക്കുന്നു. ഇവിടെ അതിരുകളില്ല, വർഗ്ഗ, ലിംഗ, ദേശ ഭേദങ്ങളില്ല. എല്ലാത്തിനെയും ഉൾക്കൊള്ളുന്നതും സ്വീകരിക്കുന്നതുമാണ് ദൈവരാജ്യം. പക്ഷേ, ആരെല്ലാം അതിൽ പ്രവേശിക്കാൻ 'പരിശ്രമി'ക്കുന്നുവോ, അവർക്ക് മാത്രമേ അവിടേക്ക് പ്രവേശനമുള്ളൂ.

ദൈവരാജ്യം ഏറെ വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ്. അകത്ത് ആയിരിക്കും എന്ന് ഉറപ്പിച്ച് വിശ്വസിച്ചവർ പുറത്താകുന്നു എന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ വിരോധാഭാസം. ഇനി അകത്ത് പ്രവേശിക്കാൻ യോഗ്യതയില്ല എന്ന് കരുതിയവരാകട്ടെ (പരസ്യപാപികൾ, അശുദ്ധർ, വിജാതീയർ) അകത്തും! ആത്യന്തികമായി യേശുവിന്റെ മുന്നറിയിപ്പ് ഇതാണ് - നീയും പുറത്താകാതിരിക്കാൻ ശ്രദ്ധിക്കുക!

**സന്ദേശം**

'വിശാല വാതായന'ങ്ങളുടെയും 'എളുപ്പവഴി'കളുടെയും കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുക. Fast food, Easy Learning, Easy and Fast Loan...അങ്ങനെ നീളുന്നു എളുപ്പവഴികൾ. ഒരുപക്ഷേ, ബാല്യം മുതൽ നാമോരുത്തരും പരിശീലിപ്പിക്കപ്പെടുന്നത് എളുപ്പവഴികളാണ്. "എളുപ്പത്തിൽ ക്രിയ ചെയ്യുക", 'എളുപ്പവഴി കണ്ടെത്തുക' എന്നിവയെല്ലാം ഇത്തരം സന്ദേശമാണ് സംവദിക്കുക. ലോകത്തിന്റെ ഇത്തരം കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായാണ് വി. ഗ്രന്ഥം ലക്ഷ്യപ്രാപ്തിക്കായി ഇടുങ്ങിയ വാതിൽ നിർദ്ദേശിക്കുന്നത്.

Scanned by CamScanner

നന്മതിന്മകളുടെ വഴികളിലെ വൈരുദ്ധ്യമാണ് ഇടുങ്ങിയതും വിശാലവുമായ വഴികൾ. രക്ഷയുടെ മാർഗ്ഗം ഇടുങ്ങിയതാണെങ്കിൽ നാശത്തിന്റേത് വിശാലമായിരിക്കും. വിശാലമായ മാർഗ്ഗങ്ങൾ പ്രഥമദൃഷ്ട്യാ എളുപ്പവും ആയാസരഹിതവുമാണ്. ഇതുപോലെ തന്നെയാണ് തിന്മയും. അത് ആരംഭത്തിൽ സുന്ദരവും ആസ്വാദ്യകരവുമാണ്. പാപങ്ങളിൽ, ദുഃശ്ശീലങ്ങളിൽ എല്ലാം ആസ്വാദ്യതയുണ്ട്. അതിനാൽ അവയിലേക്ക് നാം എളുപ്പത്തിൽ ആകർഷിക്കപ്പെടുന്നു. പക്ഷേ, അവ നല്കുന്ന സുഖങ്ങളെല്ലാം നൈമിഷികമായിരിക്കും.കാരണം തിന്മയുടെ ആനന്ദം പിന്നീട് നിരാശയ്ക്കും ദുഃഖത്തിനും ആത്മനിന്ദക്കും വഴിമാറുന്നു. നൈമിഷിക സുഖങ്ങൾക്കുവേണ്ടി തിന്മ സ്വീകരിച്ച എത്രയോ വ്യക്തികളാണ് പിന്നീട് ജീവിതകാലം മുഴുവൻ അസമാധാനത്തിലും തീവ്രദുഃഖത്തിലുമായി ജയിലറകളിലും സ്വയം തീർത്ത തടവറകളിലുമായി ശിഷ്ടജീവിതം കഴിച്ചുകൂട്ടുന്നത്!

### സുഖത്തിന്റെ എളുപ്പവഴികൾ

എളുപ്പത്തിൽ സുഖം കിട്ടാൻ ഏതു കഠിനമാർഗ്ഗവും സ്വീകരിക്കാൻ തയ്യാറാകുന്നവരാണ് നമ്മിൽ ഭൂരിപക്ഷവും. എങ്ങനെയും പണം ഉണ്ടാക്കുവാനും അങ്ങനെ ജീവിതം 'അടിച്ചു പൊളിക്കാനും' ആഗ്രഹിക്കുന്നവരുടെ എണ്ണം അത്ഭുതാവഹമാണ്. നാം ചെയ്യുന്ന ബിസിനസ്സ്, തിരഞ്ഞെടുക്കുന്ന കോഴ്സുകൾ, വിജയത്തിലെത്താൻ ഉപയോഗിക്കുന്ന ഉപാധികൾ ഇവയെല്ലാം തിന്മയുടെ എളുപ്പവഴികളാണോ എന്ന് പരിശോധിക്കാൻ സുവിശേഷം ആവശ്യപ്പെടുന്നു. ഇതോടൊപ്പം പ്രധാനപ്പെട്ടതാണ് മറ്റുള്ളവർ അദ്ധ്വാനിച്ചു നേടിയത് എളുപ്പവഴികളിലൂടെ കവർന്നെടുക്കുന്നതും ആസ്വദിക്കുന്നതും. വേഗം കിട്ടുന്ന സുഖങ്ങളെക്കാൾ (pleasures) ജീവിതത്തിൽ സ്ഥായിയായി നിലനില്ക്കുന്ന സന്തോഷ (joy) ത്തിനായാണ് നാം പരിശ്രമിക്കേണ്ടത്.

### പ്രായോഗികതലം

1. സെക്ടുകൾ, കാര്യസാദ്ധ്യത്തിനായി നാം സമൂഹത്തിൽ കാണുന്ന മറ്റു മാർഗ്ഗങ്ങൾ എന്നിവയിൽ കാണുന്ന 'എളുപ്പവഴികൾ' ഏതൊക്കെ?
2. 'ഇടുങ്ങിയ വാതിൽ' അവതരിപ്പിക്കുന്ന ആത്മീയത എത്രമാത്രം നിത്യജീവിതത്തിൽ പ്രയോഗികമാണ്? ❑

Scanned by CamScanner

# മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല



ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ മനസ്സിൽ തോന്നിയ ചിന്ത മേല്പറഞ്ഞതായിരുന്നു. എന്നാൽ അത്യാധുനികമായ ഈ കാലഘട്ടത്തിൽ മനുഷ്യൻ ഏകനായി മാറുകയാണ്. അതിന് അവനെ സഹായിക്കുന്നത് ടി.വി., ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക സമ്പർക്കമാധ്യമങ്ങളാണ്. ഇന്റർനെറ്റ് വന്നതോടെ ലോകം മുഴുവൻ ഒരു കുടക്കീഴിലായി എന്നാണ് നാം കൊട്ടിഘോഷിച്ചിരുന്നത്. എന്നാൽ സംഭവിച്ചത് മറ്റൊന്നായി. ഓരോ മനുഷ്യനും മറ്റുള്ളവർക്ക് എത്തിച്ചേരാനാവാത്ത തുരുത്തുകളായി മാറി. ലോകകാര്യങ്ങൾ നിമിഷനേരം കൊണ്ട് നമ്മുടെ കൈവിരൽതുമ്പുകളിൽ എത്തി. എന്നാൽ നാമോരോരുത്തരും ആർക്കും എത്താനാവാത്ത ദൂരത്തായി. മനുഷ്യബന്ധങ്ങൾ അകന്നു. ഏറ്റവും വലിയ ആശയവിനിമയമാർഗ്ഗമായ സംസാരം കുറഞ്ഞു. എസ്. എം. എസ്. സംസ്കാരം സൃഷ്ടിക്കപ്പെട്ടു. ഈ സംസ്കാരം മനുഷ്യനെ ഏകനാക്കി മാറ്റി. കുഞ്ഞുമക്കളുടെ കുസൃതികൾ കേൾക്കാൻ മാതാപിതാക്കൾക്കു സമയമില്ല. മാതാപിതാക്കളുടെ ആവശ്യങ്ങൾ കേൾക്കാൻ മുതിർന്ന മക്കൾക്ക് സമയമില്ല. വാർദ്ധക്യത്തിന്റെ നൊമ്പരങ്ങളൊപ്പാൻ തലമുറയില്ല.

സമ്പർക്കമാധ്യമങ്ങളുടെ സഹായത്തോടെ കാര്യങ്ങൾ വേഗം അറിയുന്നു. പക്ഷേ, എന്തൊക്കെ സംഭവിച്ചാലും എനിക്കൊരു കുഴപ്പവും ഇല്ലെന്ന മട്ടിൽ മനുഷ്യത്വം എങ്ങോ പോയി മറഞ്ഞു. മനുഷ്യൻ ഏകനാകുന്നതു നന്നല്ല എന്ന ദൈവീകപദ്ധതിക്കെതിരായി ഒറ്റപ്പെടാനുള്ള പുതിയ തന്ത്രങ്ങൾ മനുഷ്യൻ അനുദിനം കണ്ടെത്തിക്കൊണ്ടിരിക്കുന്നു. വിവരവും വിജ്ഞാനവും വിളമ്പുന്ന ടി.വി. കുടുംബാംഗങ്ങളുടെ കൂടിച്ചേരലുകളെ ഇല്ലാതാക്കുന്നു. ഒന്നിച്ചുള്ള അത്താഴവും, വിശേഷങ്ങൾ പറച്ചിലും അന്യം നിന്നു പോകുന്നു. ഓരോരുത്തരുടെയും മുറികളിൽ ടി.വി. എന്നതിലേക്ക് കാര്യങ്ങൾ മാറിയപ്പോൾ കുടുംബാംഗങ്ങൾ തീർത്തും സ്വകാര്യതയിലേക്ക് ഒതുങ്ങിക്കൂടുന്നു. പരസ്പരം ശ്രദ്ധിക്കാൻ

Scanned by CamScanner

ആർക്കും സമയമില്ല. സീരിയലുകളിലെ കഥാപാത്രങ്ങളിലായി ശ്രദ്ധ. വൈകിട്ട് 9 മണി വരെ നീളുന്ന കുട്ടികളുടെ ട്യൂഷനും കൂടിയാകുമ്പോൾ കഥ പൂർത്തിയായി.

സ്മാർട് ഫോൺ യുഗം പിറന്നപ്പോൾ മേല്പറഞ്ഞ സ്വകാര്യതയുടെയും ഒറ്റപ്പെടലിന്റെയും ആധിക്യം കൂടി. ഭക്ഷണസമയത്തുപോലും പ്ലേറ്റിൽ നോക്കാതെ മൊബൈൽ ഫോണിൽ ചാറ്റു ചെയ്യുന്ന കുട്ടികളെ ഇന്ന് ലോകം കൗതുകത്തോടെ നോക്കുകയാണ്. റോഡ് അപകടങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, ബന്ധങ്ങളുടെ തകർച്ച ഇവയൊക്കെ വർദ്ധിക്കുന്ന തരത്തിലാണ് ഈ സ്മാർട് യുഗം വളർന്നിരിക്കുന്നത്. സ്വന്തം ജീവിത പങ്കാളിയെക്കാൾ അധികമായി ആശ്രയിക്കാവുന്ന സങ്കേതമായി മൊബൈൽ സംസ്കാരം വളർന്നിരിക്കുന്നു.

ചിന്തിച്ചു നോക്കുക. എല്ലാം നമുക്ക് ആവശ്യമാണ്, പക്ഷേ എത്രത്തോളം? ആത്മനിയന്ത്രണത്തിന്റെ, അച്ചടക്കത്തിന്റെ, ഉത്തരവാദിത്വത്തിന്റെ പാഠങ്ങൾ നാം ഗൗരവമായി വായിച്ചു പഠിക്കേണ്ടിയിരിക്കുന്നു. കുടുംബബന്ധങ്ങളെ തകർക്കുന്ന ഒന്നും നമ്മെ കീഴടക്കാതിരിക്കട്ടെ. കുടുംബത്തിന്റെ വിലപ്പെട്ട സമയം കെടുത്തുന്ന ഒന്നുംതന്നെ കുടുംബത്തിൽ കയറ്റാതിരിക്കാൻ നമുക്കു ശ്രമിക്കാം.

## ഭക്തനും ദൈവവും

ഭക്തനും ദൈവവും തമ്മിൽ കണ്ടുമുട്ടി. അവർ തമ്മിലുള്ള സംഭാഷണം ഇപ്രകാരമായിരുന്നു.

ഭക്തൻ: ഒരു ദശലക്ഷം വർഷം എന്നു പറഞ്ഞാൽ അങ്ങേക്ക് എത്ര കാലമാണ്?

ദൈവം: ഒരു ദശലക്ഷം വർഷം എന്നാൽ എനിക്ക് ഒരു മിനിട്ട് ആണ്.

ഭക്തൻ: പത്തു ലക്ഷം രൂപ എന്നു പറഞ്ഞാൽ അത് അങ്ങേക്ക് എത്ര തുകയാണ്?

ദൈവം: എനിക്ക് അത് ഒരു രൂപ മാത്രമാണ്.

ഭക്തൻ: അങ്ങനെയെങ്കിൽ എനിക്ക് ഒരു രൂപ തരാമോ?

ദൈവം: ദയവായി ഒരു മിനിട്ട് കാത്തിരിക്കുക!

അല്പബുദ്ധിയായ മനുഷ്യൻ ചിലപ്പോൾ ദൈവത്തെയും കബളിപ്പിക്കാമെന്ന് വിചാരിക്കും.

Scanned by CamScanner